# ബി.വി.എച്ച്.എസ്.എസ്.നായരമ്പലം



# തൂവൽ സ്പർശം

## 2019 - 2020

# നേതൃത്വം നൽകിയവർ







MANAGER
N A VENUGOPAL

P T A PRESIDENT
P K RAJEEV

HEADMISTRESS
M K GIRIJA







SITC
DEEPA V R

JOINT SITC
MAYA T K

SCHOOL LEADER
ANN MARIYA P J







MAGAZINE EDITOR

ABHINAV A S

PUBLICITY

ALEENA A B

TECHNICAL ASSISTANT

ALAN ANTONY O J

# ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ

Ix$^{th}$ std

MURUKAN.K.B
SURYA KIRAN A S
SWATHY K P
MARIYA BABU
ALAN ANTONY.O.J
SREE LAKSHMI
N R AMRITHA
ASHISH N. M.
ASWIN BHASI
BIJOY JOSEPH
NASEYA T S
DEVIKA K M
SOURAV T.S
PUNYA T. S
BLESSY VARGHESE A G
ASHWIN DEVASSY
ANANDHA KRISHNAN
AKSHAJ SAJAN
KARTHIK P V
KRISHNAJA .P.U
ABHINAV K.S
KESIYA LIBY

VIII$^{th}$ std

AROMAL .V.V
ALEENA A.B
SANJAY.S
AMARNATH KAMATH. M
ARJUN T B
FABIN JIBY
AJITH A.S
ANNA.M.S
THULASIDAS.N.S
ANASWARA.O.J
ANANDHAKRISHNAN K.S
SISIRA K.S.
AKSHAY T A
SREERAJ A.C
KRISHNADEV K M
ABHINAV.A.S
SEBASTIAN JOYAL
ARJUN DAS M G
NIYA CARVALIO
HARISHANTH P.S

# ബി.വി.എച്ച്.എസ്.എസ് നായരമ്പലം



എറണാകുളത്തു നിന്നും എകദേശം 12 കിലോമീറ്റർ മാറി വൈപ്പിൻ ദ്വീപിന്റെ മധ്യഭാഗത്തായി നായരമ്പലം പഞ്ചായത്തിൽ നായരമ്പലം ഭഗവതി ക്ഷേത്രത്തിന്റെ തിരുമുററത്ത് സ്ഥിതിചെയ്യുന്ന ഈ സരസ്വതീ വിദ്യാലയം കൊല്ലവർഷം1101 മാണ്ട് എടവമാസം 4-ാം തീയതി (1926 മെയ് )യാണ് ഒരു പ്രൈമറി വിദ്യാലയമായി പ്രവർത്തനമാരംഭിച്ചത്. തുടർന്ന് അപ്പർപ്രൈമറിയും ഹൈസ്കൂളുമായി ഈ നാടിന്റെ പുരോഗതിയ്ക്കൊപ്പം ഈ വിദ്യാലയവും വികാസം പ്രാപിച്ചു. പരേതനായ ശ്രീ കോമങ്കാട്ടിൽ കുട്ടൻമേനോനായിരുന്നു ആരംഭകാലത്ത് ഈ വിദ്യാലയത്തിന്റെ മാനേജരായി ചുമതലവഹിച്ചത്. ഇപ്പോൾ നായരമ്പലം നായർ കരയോഗത്തിന്റെ നേതൃത്വത്തിലുള്ള മാനേജ്മെന്റിന്റെ നിയന്ത്രണത്തിലാണ് ഈ വിദ്യാലയം പ്രവർത്തനം നടത്തുന്നത്.പ്ലാററിനം ജൂബിലി ആഘോഷിച്ച ഈ വിദ്യാലയത്തിന്റെ ചിരകാലസ്വപ്നമായിരുന്ന ഹയർസെക്കൻഡറി 2014 ൽ അനുവദിച്ചു. നായരമ്പലം പഞ്ചായത്തിന്റെ അധീനതയിലുള്ള ഒരേയൊരു എയ്ഡ്ഡ് ഹയർസെക്കൻഡറി സ്കൂളായ ഈ സ്ഥാപനം നന്മ ലക്ഷ്യം വച്ച് പൂർവ്വികർ ചൂണ്ടികാട്ടിയ അതേ സാംസ്കാരിക ഉന്നമനം ലക്ഷ്യം വച്ച് കൊണ്ട് പ്രവർത്തനം തുടരുന്നു.196 വിദ്യാർത്ഥികളുമായി പ്രവർത്തനം തുടങ്ങിയ ഈ സ്ഥാപനത്തിൽ ഇന്ന് പ്രീപ്രൈമറി മുതൽ ഹൈസ്കൂൾ തരം വരെയായി 1500 ൽപരം വിദ്യാർത്ഥികൾ വിദ്യ അഭ്യസിക്കുന്നു. ഈ വിദ്യാലയത്തിലെ ആദ്യ വിദ്യാർത്ഥി ശ്രീ.ഉണ്ടിയിൽ ഗോവിന്ദന്റെ പുത്രനായ അച്ചുക്കുട്ടി അവർകൾ ആയിരുന്നു.

തീരദേശവാസികളായ സാധാരണക്കാരുടെ മക്കൾക്ക് മികച്ച രീതിയുലുള്ള വിദ്യാഭ്യാസ സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കാൻ കഴിയുന്ന എന്നതാണ് ഈ സ്ഥാപനത്തിന്റെ വിജയരഹസ്യം. വളർന്നുവരുന്ന സാങ്കേതികതയ്ക്കൊപ്പം ആത്മവിശ്വാസത്തോടെ വളർന്നു വരുന്ന ഒരു തലമുറയ്ക്ക് കരുത്തായി മാറാൻ ഈ സ്ഥാപനം പ്രതീക്ഷയോടെ കാത്തിരിക്കുന്നു.



<u>സന്ദേശം</u>

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിലൂടെ വിദ്യാലയങ്ങളെ പ്രാദേശിക സമൂഹത്തിന്റെ വിദ്യാഭ്യാസപരവും സാംസ്കാരികവുമായ ആവശ്യങ്ങൾ നേടാൻ പ്രാപ്തമായ നിലയിൽ സജ്ജമക്കുന്നതിനുള്ള സമഗ്രവികസനപ്ലാനുകൾ ഓരോ വിദ്യാലയങ്ങളിലും നടന്നുവരുന്നു.


ആധുനികസാങ്കേതിക വിദ്യയുടെ സാധ്യതകൾ അടക്കം വൈവിദ്യമാർന്ന പഠനാനുഭവങ്ങൾ പ്രയോജനപ്പെടുത്താനുള്ള അവസരം

അദ്ധ്യാപകർക്കും ഒരുപോലെ ലഭ്യമാകുന്നുണ്ട്. ഇതെല്ലാം പ്രയോജനപ്പെടുത്തി നായരമ്പലം ഭഗവതി വിലാസം ഹൈസ്കൂളിലെ

ക്ലാസ് വിദ്യാർത്ഥികളുടെ വിവരസാങ്കേതിക കൂട്ടായ്മയായ ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ "ളുവൽസ്പർശം" എന്ന ഈ മാഗസിൻ ഇറങ്ങുന്നു എന്നറിഞ്ഞതിൽ അതിയായി സന്തോഷിക്കുന്നു. എല്ലാഭാവുകങ്ങളും നേരുന്നു.

ആശംസകളോടെ

മാനേജർ



എൻ.എം.വേണുഗോപാൽ.



വിദ്യാലയം എന്നത് വിദ്യയുടെ മാത്രമല്ല സർഗ്ഗവാസനകളുടെ വിളനിലം കൂടിയാണ്. പ്രോൽസാഹനവും ഇച്ഛാശക്തിയും ഒത്തുചേരുമ്പോഴാണ് നമ്മളിൽ ഉറങ്ങിക്കിടക്കുന്ന കഴിവുകൾ അതിന്റെ ഉന്നതയിൽ എത്തിചേരുന്നത്.

ഈ വിദ്യാലയത്തിലെ വിടരുന്ന മൊട്ടുകളായ കുട്ടികളുടെ കഴിവുകൾ കണ്ടെത്താനും അതിനെ തിരച്ചറിഞ്ഞ് പ്രോൽസാഹിപ്പിക്കാനും സന്മനസ്സുകാണിച്ച അധ്യാപകർക്കും ഒരുമയോടെ പ്രവർത്തിച്ച വിദ്യാർത്ഥികൾക്കും നന്മ നേരുന്നതോടൊപ്പം ഈ മാഗസിൻ തൂവൽസ്പർശം പുതുതലമുറയ്ക്ക് പ്രചോദിപ്പിക്കുന്ന ഒന്നായി മാറട്ടെ എന്ന് ആശംസിക്കുന്നു.

പി.ടി.എ.പ്രസിഡന്റ്



പി.കെ.രാജീവ്



പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിലൂടെ നമ്മുടെ വിദ്യാലയത്തിന്റെയും വിദ്യാർത്ഥികളുടേയും മേന്മയും അറിവും വർദ്ധിച്ചു കൊണ്ടിരിക്കുന്നു.വൈവിധ്യമാർന്ന പഠനാനുഭവങ്ങൾ,ഡിജിറ്റൽ സാങ്കേതികരംഗത്തുള്ള പ്രാവീണ്യം മുതലായവ വിദ്യാർത്ഥികൾക്ക് കൂടുതൽ പ്രയോജനകരമാണ്. നമ്മുടെ സ്കൂളിലെ എട്ട്,ഒമ്പതാം ക്ലാസ്സ് വിദ്യാർത്ഥികളുടെ വിവര സാങ്കേതിക കൂട്ടായ്മയായ ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ ഇ – മാഗസിൻ ളുവൽ സ്പർശം ഇറങ്ങുന്നു എന്നതിൽ അതിയായി സന്തോഷിക്കുന്നു.ഇതിനായി പ്രവർത്തിച്ച എല്ലാ വിദ്യാർത്ഥികളേയും അധ്യാപകരേയും അനുമോദിക്കുന്നു.

ആശംസകളോടെ

പ്രധാനധ്യാപിക


ശ്രീമതി എം.കെ.ഗിരിജ



**എഡിറ്റോറിയൽ**

**നടന്നു നീങ്ങാം........**

മുമ്പേ നടന്നവർ പകർന്നുതന്ന
അറിവിന്റെ ഇത്തിരി വെട്ടത്തിൽ
സ്വപ്നങ്ങൾ ചിറകു മുളക്കുന്ന
പുതിയൊരാകാശവും
പുത്തിയൊരു ഭൂമിയും തേടി
കാറ്റിനും കടലിനും കൊടുക്കാതെ
മനസ്സിനും വിരലിനും ഇടയിൽ
ഞെരിമർന്ന ആശയങ്ങളെ
ഈ തൂവൽസ്പർശത്തിന്റെ തണലിൽ നിന്ന്
ചിന്തയുടെ പുതിയ തീരങ്ങളിലേക്ക്
ഒഴുക്കിവിടാം.



അഭിനവ്

## ഉള്ളടക്കം


1. പ്രപഞ്ചം
2. അമ്മയാം ഭൂമിയേ
3. വയനാട്ടിലൂടെ
4. തിരസ്കൃതർ
5. കംപ്യൂട്ടർ
6. പെൻസിൽ ചിത്രം
7. ചെരുപ്പുകുത്തിയുടെ ചപ്പാത്തി
8. പെൻസിൽ ചിത്രം
9. സൗഹൃദം
10. എൻ പ്രിയ പൂവേ...
11. പെൻസിൽ ചിത്രം
12. തിരക്കഥ
13. സത്യസന്ധനായ കീരി
14. മത്സ്യം
15. CREATURES
16. THE TRUTHFUL MONGOOSE
17. കർഷകന്റെ തിരിച്ചറിവ്
18. പഴഞ്ചൊല്ലുകൾ
19. യാത്രാവിവരണം

# പ്രപഞ്ചം

പ്രപഞ്ചത്തിലെ മനോഹരത എത്ര പറഞ്ഞാലും മതിവരാത്ത ഒന്നാണ്. പ്രപഞ്ചം നമ്മുടെ മാതാവാണെന്നും മാതാവിന്റെ സ്നേഹം പ്രപഞ്ചം തരുമെന്നും നമുക്ക് പല ആവർത്തിയിൽ പറയാൻ സാധിയ്ക്കും. പ്രപഞ്ചത്തിലുള്ള ജീവചരാചരങ്ങൾ നമുക്ക് പല കാര്യങ്ങളും മനസിലാക്കി-തരുന്നുണ്ട്. നമ്മുടെ പ്രപഞ്ചത്തെക്കുറിച്ച് പല പ്രമുഖ കവികളും വളരെ മനോഹരമായി പരാമർശിക്കു-ന്നുണ്ട്. പ്രപഞ്ചത്തിന്റെ മക്കളായതിൽ നമ്മൾ അഭിമാനിക്കുകരയാണ് ചെയ്യേണ്ടത്. പ്രപഞ്ചത്തെ മാതാവിനേപ്പോലെ സ്നേഹിക്കേണ്ടത് നമ്മുടെ കടമയാണ്. പ്രപഞ്ചത്തിലുള്ള സസ്യങ്ങളും ജന്തുക്കളും നമുക്ക് ഒരുപാട് പാഠങ്ങൾ പഠിപ്പിച്ചുതരുന്നുണ്ട്. ഒരു കുഞ്ഞിനെ അമ്മ മാറോട്ട ചേർക്കുന്നതുപോലെ പ്രപഞ്ചം നമ്മളെ മാറോട്ട ചേർക്കുന്നു. പ്രപഞ്ചം വിജ്ഞാനങ്ങളുടെ ലോകമാണ്. പ്രപഞ്ചത്തിൽ നിന്നും നമുക്ക് ഒരുപാട് കാര്യങ്ങൾ അറിയുവനും പ്രപഞ്ചത്തിന്റെ ആശയങ്ങൾ മനോഹരമായി മനസിലാക്കാ-നും സാധിക്കുന്നു. പ്രപഞ്ചത്തെക്കുറിച്ച് പല കവികളും പറഞ്ഞിട്ടുള്ളതോർക്കുമ്പോൾ നമുക്കുള്ളിൽ കുളി-ർമ തോന്നുന്നതാണ്.

Amrutha T.S

X A

# അമ്മയാം ഭൂമിയെ......

മണ്ണിലെ ജീവന്റെ ജനനിയാം ഭൂമി....
ഒരു അമ്മതൻ കുഞ്ഞിനെ
നെഞ്ചോട് ചേർക്കും പോൽ
നീ നിന്റെ മാറിലാ ജീവനുകൾ
ചേർത്തു നിർത്തി.

ഒരു അമ്മയുടെ കടമ നീ ഭംഗിയായ്
ചെയ്തെങ്കിലും,തൻ അമ്മയുടെ പ്രാണ-
നൊടുക്കാനായ് തുനിയുന്നു മക്ക-
ളിവിടെ,നിന്റെ രക്തധമനികളാകുന്ന
പുഴകളിലവർ വിഷം കലർത്തി
നിന്നെ തളർത്തി,മാറുന്ന തലമുറ
നീറുന്ന വേദന നിനക്കായ് മാത്രം നൽകി.

മാനവൻ തൻ ഇഷ്ടത്തിനു തൻ
ജനനിയെ ഹത്യ ചെയ്യാനൊരുങ്ങുന്നുവോ
ഒരു നല്ല ദിനം പൊട്ടിവിടരുമെന്ന പ്രത്യാശ
അമ്മയാം ഭൂമിയിൽ ജനനം കൊണ്ടു.

PUNYA T S

IX B

## വയനാട്ടിലൂടെ.......

മെയ് 10-ാം തീയ്യതി രാത്രി 10.00 മണിക്കു പുറപ്പെട്ട യാത്ര അതിമനോഹരമായ ഒരു ഈശ്വര
പ്രാർത്ഥനയിലൂടെ തുടക്കം കുറിച്ചു.കുട്ടിക്കൂട്ടത്തിൻെറ ആരവത്തെ അടക്കി നിർത്തണം എന്ന
നിർദ്ദേശത്തെ ഞങ്ങൾ ഉൾകൊണ്ടു.അങ്ങനെ യാത്ര തുടർന്നു.എല്ലാവരും നിദ്രയിലാണ്ട
ു.കുറേ നേരത്തെ യാത്ര.അന്ധകാരത്തെ നീക്കി ഞങ്ങൾ ചിലർ മാത്രം ചുരത്തിൻെറ
ഭംഗിയെ കണ്ണുകളോട് ചേർ<u>ത്തു</u>വെച്ചു.ഏകദേശം 5.30തോടെ ഞങ്ങൾ ഹോട്ടലിൽ എത്ത
ി.കുട്ടികളായ ഞങ്ങൾ എല്ലാവരും ഒരു റൂമിൽ ഞങ്ങളുടെ ആശയങ്ങളെ <u>ഒത്തു</u> ചേർത്ത
ു.പലതരത്തിലുള്ള ഫലിതങ്ങൾ മനസ്സിന് ആഹ്ലാദവും സന്കടങ്ങളിൽ നിന്നുള്ള മുക്തിയും
ലഭിച്ചു.ഞങ്ങളുടെ ബസ് ഡ്രൈവറായ പ്രദീപേട്ടൻ ഞങ്ങൾക്ക് തൻെറ കൂട്ടുകാരോടൊത്ത്
സ്വാതിഷ്ഠമായ പ്രാതൽ ഒരുക്കി.അത് മനസ്സിനിണങ്ങുന്ന രീതിയിൽ വിളംബുകയും
ചെയ്തു.അവിടെ നിന്നും ഞങ്ങൾ സൂചിപ്പാറ വെള്ളച്ചാട്ടത്തിലേക്കു പോയി.വെള്ളച്ചാട്ടം
കാണാനുള്ള ആകാംക്ഷയിൽ നടക്കാൻ തുടങ്ങിയെന്കിലും വെള്ളച്ചാട്ടം എത്തിയപ്പോഴേക്കും
ക്ഷീണം അനുഭവപ്പെട്ടു.എന്കിലും വെള്ളച്ചാട്ടത്തിൻെറ മനോഹാരിതയിൽ ക്ഷീണം
വെള്ളത്തിലൂടെ ഒഴുകിപ്പോയതുപോലെ തോന്നി.ചെറിയൊരു സാഹസികമായ പ്രവർത്തി
ചെയ്യേണ്ടിവന്നു.വഴുക്കലുള്ള പാറയിൽകൂടി അപ്പുറത്തേക്കു കടന്നു.എന്നാൽ ഞങ്ങളിൽ ഒരാൾ
വഴുതി വീണു അതും രണ്ടു തവണ.തിരിച്ചു നടന്നു ഞങ്ങൾ അങ്ങനെ ഹോട്ടലിലെത്ത
ി.അവിടുന്ന് ഉച്ചഭക്ഷണവും അൽപനേരത്തെ വിശ്രമവും കഴിഞ്ഞ് ഞങ്ങൾ പിന്നേം യാത്ര
തുടർന്നു.ഇടയ്ക്കു വച്ച് പെയ്തു മഴ മനസ്സിൽ ആഹ്ലാദതിരകളുണ്ടാക്കി.പാട്ടും നൃത്തവും ആ
യാത്രയെ വളരെയധികം രസകരമാക്കി.ആ യാത്ര അവസാനിച്ചത് ഒരു flower show യിൽ
ആയിരുന്നു.ഇതിനുമുമ്പ് ഊട്ടിയിൽ ഒരു റോസ് ഗാർഡനിൽ പോയതുകൊണ്ട് അവിടുത്തെ
പൂക്കളുടെ ഭംഗിയെ എനിക്ക്

ആസ്വദിക്കാൻ കഴിഞ്ഞില്ല.കുറുവാദ്വീപ്,ഇടയ്ക്കൽ ഗുഹ എന്നീ സ്ഥലങ്ങളിൽ പോകാൻ തീരുമാനിച്ചെൻകിലും മഴ ഒരു കുസൃതി കുട്ടി വികൃതി കാണിക്കുന്നതുപോലെ ഞങ്ങളെ പോകാൻ അനുവദിച്ചില്ല.തിരികെ റൂമിലെത്തി കുളിച്ച് ഭക്ഷണവും കഴിഞ്ഞ് ഞങ്ങൾ കുട്ടിപ്പട കുറേനേരം സംസാരത്തിലാണ്ടു.അതിനുശേഷം അമ്മമാരുടെ ശകാരത്തെ തുടർന്നു ഉറക്കത്തിലേക്കു പ്രവേശിച്ചു.രാവിലെ പിന്നെയും കുളിച്ച് വൃത്തിയായി ഈശ്വര വിശ്വാസത്തെ കൈവരിക്കാനുള്ള യാത്രയായി.യാത്ര നീളമറ്റതായി തോന്നി.തിരുന്നല്ലി ക്ഷേത്രം അതിൻെറ പ്രാധാന്യത്തെക്കുറിച്ച് അറിഞ്ഞതോടെ അവിടം കാണാനുള്ള ജിജ്ഞാസ വർദ്ദിച്ചു.യാത്രയെ മടുപ്പിക്കാതിരിക്കാൻ ഞങ്ങൾ ഞങ്ങളുടെ ആട്ടവും പാട്ടും തുടങ്ങാൻ തീരുമാനിച്ചു.എന്നാൽ ഞങ്ങളുടെ ശബ്ദത്തെ മൂർച്ചയേറിക്കാൻ ഞങ്ങൾ രണ്ട് ഗ്രൂപ്പായി തിരിഞ്ഞു.മുതിർന്നവരും കുട്ടികളും.ഏതു ഗ്രൂപ്പാണോ ഏറ്റവും കൂടുതൽ പാട്ടും അത് ഭംഗിയിൽ പാടുന്നതും അവർക്ക് സുരേഷ് വെല്ലിച്ഛൻെറ വക സമ്മാനം ഉണ്ടെന്നും പറഞ്ഞു.വെല്ലിച്ഛനും ഞങ്ങളുടെ കൂട്ടത്തിലെ ഒരു മുതിർന്ന കുട്ടിയായി മാറി.എന്നാൽ അന്നൊരു തിരിച്ചറിവ് ഞങ്ങൾക്കുണ്ടായ ി.കിഴക്കൻചേരിയിൽ ഒരു പിടി നല്ല ഗായകരുണ്ടെന്ന്.ഇതുവരെ പലതരത്തിലുള്ള പരിപാടികളിൽ നിന്ന് മറഞ്ഞു നിന്നവർ തൻെറ കഴിവുകളിൽ പ്രകടിപ്പിച്ച ഒരു അസുലഭ നിമിഷം.ഗിരിജാൻ്റിയുടെ ഒരു നല്ല സന്ദേശം ഉതിർത്ത ഐതിഹ്യകഥയുടെ ദീപ്തിയാൻ്റിയും കുട്ടനങ്കിളും ചേർന്നുപാടിയ ഒരു മനോഹരഗാനവും. എന്തൊക്കെയായാലും ഞങ്ങൾ കുട്ടികളെ തോൽപിക്കാൻ അവർക്കായില്ല. തിരുനെല്ലിയില്ലെത്തിയപ്പോൾ മനസ്സിനും ശരീരത്തിനും എന്തോ ഒരു ഉണർവ് തോന്നി. അവിടെ 'പാപനാശിനി'പുഴയുണ്ടെന്നും കേട്ടു. സകല പാപങ്ങളെയും അവിടെ ഒഴുക്കികളയൻ തോന്നി. ഒന്നു പോയി കാണണം എന്നുണ്ടായിരുന്നു. പക്ഷേ സാധിച്ചില്ല. ഞങ്ങളിൽ ചിലർ പോയി അവിടുത്തെ പുണ്യജലം ഞങ്ങൾക്കു കുടിക്കാനായി തന്നു. അവിടുത്തെ ഓരോ മലയും ഓരോ ഐതിഹ്യം പറയുന്നു

അതെല്ലാം മനസ്സിന്റെ ഒരു കോണിൽ സൂക്ഷിച്ചു വച്ചിട്ടുണ്ട്.പാട്ടു മത്സരത്തിൽ ജയിച്ച ഞങ്ങൾക്ക് ശ്രീമോൻ ചേട്ടൻ മധുരം വാങ്ങിച്ചുതന്നു. അവിടെ നടക്കുമ്പോൾ മുളയരി പായസം കണ്ടു. അത് എല്ലാവർക്കും ഇഷ്ടമായി. പക്ഷേ എനിക്ക് അത് അത്ര രസമായി തോന്നില്ല. പിന്നീട് മുത്തങ്ങ വനത്തിൽ പോയി. അവിടെ വച്ച് അവിടുത്തെപ്രധാന വിഭവം 'ഉണ്ണിയപ്പം' കഴിച്ചു. എത്ര മനോഹരമാണ് വനം.നായരമ്പലംഎന്നസ്ഥലത്തെക്കാളും എന്റെ ഹൃദയത്തിൽ ഒരുപടിപ്രധാന്യം മുത്തങ്ങ വനത്തിനാണ്. window seat ആദ്യം തന്നെ ഞാൻ ബുക്ക് ചെയ്യ്തെങ്കിലും ഇടയ്ക്ക വച്ച് ഞാൻ മാറികൊടുത്തു. മാനുകൾ,മയിലുകൾ, കുരങ്ങ് എന്ത് ഭംഗിയാണ് അവയെ കാണാൻ. പ്രകൃതിയുടെഓരോ ഇന്ദ്രജാലവും എനക്കവിടെ കാണാൻ സാധിച്ചു. ഇടയ്ക്ക് വച്ചു പെയ്തമഴ എന്റെ മനസ്സിനെ സന്തോഷത്തിന്റെ ഒരു കുടക്കീഴിൽ ഒതുക്കി. ആമഴ കാടിന്റെ ശോഭയെ വനോളം ഉയർത്തി. എനിക്കു വേണ്ടി മാത്രംപെയ്ത മഴയായി ഞാനതിനെ ഉൾക്കൊള്ളാൻ ശ്രമിച്ചു. കാടിന്റെ ഭംഗിയെ വരികളിലൂടെ പറഞ്ഞ കുഞ്ഞുണ്ണിമാഷ്,ചങ്ങമ്പുഴ എന്നിവർ എന്റെ മനസ്സിൽ പറയാൻ പറ്റാത്തൊരു അനുഭവത്തെ നിർമ്മിച്ചു. ആന ഇറങ്ങുന്നസ്ഥലമാണ് ജാഗ്രത വേണം എന്ന് sign board ധാരാളമായി കണ്ടു.ആനയെ കാണണം എന്നത് ഒരു മോഹമായി മാറുകയായിരുന്നു എന്റെഉള്ളിൽ. കള കള നാദം പാടി പേരറിയാത്ത പക്ഷികൾ ചെവികൾക്ക്പുതിയൊരു അനുഭവം സൃഷ്ടിച്ചു. കാടിന്റെ വന്യമായ സൗന്ദര്യം ഞങ്ങളെ സമീപിച്ചു. ഞങ്ങളുടെ ആകാംശ സ്വരമായി പുറത്തുവന്നപ്പോൾ കാടണല്ലോ നിശബ്ദത വേണമെന്ന നിയമം ഞങ്ങളെ അടക്കി നിർത്തി. 'പ്രദീപ്ച്ചേട്ടൻ' ഓരോ സ്ഥലത്തിന്റെ പ്രധാന്യവും വിവരിച്ചപ്പോൾ അത് അറിവിന്റെ ചെറുതുള്ളിയായി മാറി. അവിടെയുണ്ടയിരുന്നരക്തസക്ഷി മണ്ഡപം,സീതാദേവിയുടെയും ശ്രീരാമന്റെയും ഒരു ക്ഷേത്രംഅതിനടുത്തു തന്നെ ഒരു കുളം അങ്ങനെ പലതും. ആദിവാസികളുടെകുടിൽ ധാരാളമായി കണ്ടു. ഇടയ്ക്ക് വച്ച് വണ്ടി പഞ്ചറായി. അതിനു ശേഷം മുത്തങ്ങയോട് യാത്ര പറഞ്ഞ് ബാണാസുരസാഗർ കാണാൻ.

പോയി. തിരിച്ചുവരുന്ന വഴിയിൽ മൂപ്പനെ കുറിച്ച് സുരേഷ് വലിയച്ഛൻ പറഞ്ഞു. അതുകേട്ടപ്പോൾ ആ യാത്രയിൽ ഉടനീളം തോന്നാത്ത ഒരു പേടി എല്ലാവരുടെയും ഉള്ളിൽ എത്തി എന്നെനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. ഞാൻ ഉൾപ്പെടെ. അങ്ങനെ മൂപ്പന്റെ രഹസ്യങ്ങളുടെ താളങ്ങൾ പരിശോധിക്കാൻ ഞങ്ങൾ അവിടെയെത്തി. ഒരു വിളക്ക്, ആൽമരം അതിലൊരു ചങ്ങലയും. ആൽമരം ചെറുതായപ്പോൾ ഇട്ട ചങ്ങലയാണ

ത്.അതിലാണ് മൂപ്പനെ തളച്ചിട്ടിരിക്കുന്നത്. ആ ചങ്ങല പൊട്ടിയാൽ മൂപ്പൻ പുറത്തുവരും. പക്ഷെ ആ മരത്തോടൊപ്പം ചങ്ങലയും വലുതായികൊണ്ടിരിക്കുന്നു. മൂപ്പനെ കൊന്നത് ബ്രിട്ടീഷുകാരാണ്. വയനാട്ടിലേക്കുള്ള എളുപ്പവഴി മൂപ്പൻ അവർക്ക് പറഞ്ഞുകൊടുക്കയും അത് വേറെയാർക്കും കിട്ടരുതെന്ന അത്യാഗ്രഹത്താൽ അവർ മൂപ്പനെ കൊന്നുകളയുകയുംചെയിതു. അവിടെ നിന്ന് രാത്രി ഭക്ഷണവും കഴിഞ്ഞ് ഞങ്ങൾ തിരിച്ചു. കുറേ കഴിഞ്ഞ് ഞങ്ങൾ ഒരു petrol pumpilനിർത്തിയപ്പോഴാണ് എന്റെ കാലിൽ അട്ട കടിച്ചുവെന്ന് ഞാൻ മനസ്സിലാക്കുന്നത്. തിരിച്ച് ഇവിടെയെത്തിയത് 2:30ന് ആണ് ഉള്ളിൽ അടക്കാൻ കഴിയാത്ത വിഷമം ഉണ്ടയിരുന്നു എങ്കിലും ഈ വയനാടിൻ യാത്ര എന്തോ എനിക്ക് സമ്മാനിച്ചതുപോലെ തോന്നി

JOTHIKA T J

X A

## തിരസ്കൃതർ

തിരസ്കൃതർ പ്രതീകങ്ങളാണ്.....
അവഗണനയുടെ വേദനയുടെ,ഒറ്റപ്പെടലിന്റെ,അപമാനത്തിന്റെ,
ഒടുവിൽ നിസ്സംഗതയുടേതും.
തിരസ്കൃതർ പ്രതീകങ്ങളാണ്...
ഉൾക്കരുത്തിന്റെ,സ്വയംപര്യാപ്തതയുടെ
താൻ പോരിമയുടെ,തന്മയത്വത്തിന്റെ
ത്യാഗത്തിന്റെ പിന്നെ...സംഹാരത്തിന്റേതും....
തിരസ്കൃതരുടെ പാഥേയത്തിൽ
പൂമൊട്ടുകളില്ല,കൂരമ്പുകൾ മാത്രം
വഴിവിളക്കുകളില്ല.തമോഗർത്തങ്ങൾ മാത്രം
താങ്ങും,തണലുമില്ല, ദണ്ഡനകൾ മാത്രം
പുരസ്കൃതരുള്ളിടത്തോളം കാലം,
തിരസ്കൃതരുമുണ്ടാകും...കാരണം-
പടികളില്ലാതെ ഉത്തുംഗയാത്രയില്ല
ഒന്നു ചീയാതെ മറ്റൊന്നിനുയിർപ്പുണ്ടാവില്ല
അതിനാൽ
അടഞ്ഞ വാതിലുകൾക്കു മുന്നിൽ
പതിതരേ നിങ്ങൾ നിൽക്ക
വെന്ത കനലുകൾ പാദങ്ങളിലേല്ക്കുക
സൂര്യതാപം ശിരസ്സിലണിയുക
ലോകഗതി.ക്കുന്നും പാത്രമായ് തീരുക

SINDHU DEVARAJ

HST SOCIAL SCIENCE

## കംപ്യൂട്ടർ

ഇന്ന് ജോണിന്റെ ജീവിതത്തിലെ പ്രധാനപ്പെട്ട ദിവസമായിരുന്നു. ജീവിതം മുഴുവനും കംപ്യൂട്ടറ് സ്വപ്നം കണ്ട് നടന്ന അവൻ ഇന്ന് അത് ലഭിക്കുവാൻ പോകുന്നു. ഒത്തിരി നാളായി അവൻ കൂട്ടി വച്ച കുടുക്ക നിറഞ്ഞു. ആ ചുവന്ന കുടുക്ക പൊട്ടിക്കുവാൻ അവൻ പോകുന്നു അതു വീണു നിറയെ പൈസ.പെട്ടെന്ന് അവന്റെ മുറിയുടെ വാതിൽക്കൽ ഒരു തട്ട്.അവൻ ഞെട്ടി ഉണറ്ന്നു..... അത് സ്വപ്നമായിരുന്നുവോ അത് അവൻ പിറുപിറുത്തു. കതക് തുറന്ന്അമ്മ അലറി വിളിക്കുന്നു ജോൺ...................ജോൺ................ അവൻ പറഞ്ഞു അലറണ്ട അമ്മേ ഞാൻ ഉണറ്ന്നു.വേഘം എഴുന്നൽക്ക് നേരം ഒരുപാടായി അമ്മയെ തിരിച്ച് അടുക്കളയിലേക്ക് കൊണ്ടു പോകാൻ വറുക്കാനിട്ട മീൻ സ്വയം കത്തിക്കരിഞ്ഞു.അടുക്കളയിലേക്ക് പാഞ്ഞു.ജോൺ കലണ്ടറ് നോക്കി ഇന്ന് അവധി ചുവന്ന ദിനം അവൻ ആലോചിച്ച ചുവന്ന കുട്ടക്ക ഇന്ന് നിറയും.അവൻ മേശയ്ക്കരികിലേക്ക് നീങ്ങി നിറയെ പൊടി അതു തുടച്ചവൻ കട്ടിലിലേക്ക് വീണു മിഴികൾ പൂട്ടി അവൻ ആലോചനയിലാണ്ടു.മൂന്ന് കൊല്ലം മുമ്പ് ഒഴിച്ചിട്ട ഈ മേശ നിറഞ്ഞിട്ടില്ല കാരണം തന്റെ പിറന്നിനു തലേന്നു വാങ്ങിയ ഈ മേശ അച്ഛൻ തന്നതാണ്. കംപ്യൂട്ടറ് പിറന്നാൾ സമ്മാനമായി നൽകുവാൻ വേണ്ടി പോയതാണ് കംപ്യൂട്ടറുമായി വരുന്നതിനിടെ ................................ ചോര പുരണ്ട കംപ്യൂട്ടറ് അവന്റെ മനസ്സ് പിടഞ്ഞു . അവൻ എഴുന്നേറ്റ് കുടുക്ക എടുത്തു ചുവന്ന കുടുക്ക അതിൽ മുത്തമേകി. തറയിലുടുവാൻ തുങ്ങുന്നതിനു മുമ്പേ ഒര് നിലവിളി അവൻ പുറത്തേക്ക് ഓടി.പുറത്ത് അമ്മ തറയിലിരുന്നു നിലവിളിക്കുന്നു. വട്ടി വലിശക്കാരൻ വന്നിരിക്കുന്നു വീട്ടിലെ സാധനങ്ങൾ വലിച്ചെറിയുന്നു . അച്ഛന്റെ ഫോട്ടോയിൽ കൈ വയ്ക്കുന്നതിനു മുമ്പേ അവൻ ആ കുടുക്ക പൊട്ടിച്ച ു.അയാൾ അത് വാരിയെടുക്കുന്നു. ആ കുടുക്ക പൊട്ടി ചിതറി പത്ത് രൂപ തുട്ടുകൾ നിലവിളിച്ചും ഒരു രൂപ ചില്ലറകൾ പൊട്ടിക്കരഞ്ഞു ചിതറിയത് ചുവന്ന കുടുക്കയല്ല.................................ചുവന്ന രക്തം.........................

JOTHI LEKSHMI

X C



JAYALEKSHMI

IV A

## ചെരുപ്പുകുത്തിയുടെ ചപ്പാത്തി

വിവേകാനന്ദസ്വാമി സ്ഥലങ്ങൾ സന്ദർശിച്ചു നടക്കുന്ന കാലം ഒരിക്കൽ വിശപ്പു സഹിക്കാനാവാതെ ഒരു മരച്ചുവട്ടിൽ അദ്ദേഹം ഇരുന്നു.അപ്പോഴാണ് ഒരു ചെരുപ്പുകുത്തി അതുവഴി വന്നത്.സ്വാമികൾ ഒന്നും കഴിച്ചിട്ടില്ലെന്ന് അയാൾക്ക് മനസ്സിലായി.അയാൾക്ക് ദുഃഖം തോന്നി. സ്വാമിക്ക് വിശപ്പകറ്റാൻ അയാൾ അതിനായി ആഗ്രഹിച്ചു.അയാൾ ഭയഭക്തി ബഹുമാനത്തോടെ സ്വാമിയുടെ അടുതെത്തി ചപ്പാത്തി ഉണ്ടാക്കാനുള്ള സാധനങ്ങൾ എന്റെ കൈയിലുണ്ട്.അങ്ങുതന്നെ ഉണ്ടാക്കിക്കഴിച്ചാലും.അയാൾ പറഞ്ഞു അതെന്താ താങ്കൾ അങ്ങനെ പറഞ്ഞത് സ്വാമിജി ചോദിച്ചു.ഞാനൊരു ചെരുപ്പുകുത്തിയാണ് ഞാനുണ്ടാക്കുന്നത് അങ്ങു കഴിക്കുമോ? താങ്കൾതന്നെ എനിക്കുണ്ടാക്കിതന്നാൽ മതി.ഞാൻ കഴിച്ചുകൊള്ളാം സ്വാമി പറഞ്ഞു.അതുകേട്ടതും അയാൾ സന്തോഷത്തോടെ ചപ്പാത്തിയുണ്ടാക്കി.സ്വാമി അത് കഴിക്കുകയും ചെയ്തു.


ARJUN O M

X A

RITHUL PHILIP

X C



# സൗഹൃദം

ഏതൊരു വ്യക്തിയുടേയും ജീവിതത്തിലെ ഏറ്റവും വലിയ സമ്പത്താണ് സൗഹൃദം.നമ്മുടെ പ്രശ്നങ്ങളും പ്രതിസന്ധികളും പങ്കുവയ്ക്കൽ വേറെ ആരാണ് ഉള്ളത്.ജീവിതം വർണ്ണശലഭമാക്കാൻ,രുചിയേറിയതാക്കാൻ,ഒരു ചിന്തയും കൂടാതെ എന്നെ സുഹൃത്തായി തിരഞ്ഞെടുത്ത എന്റെ സൗഹൃദം.സൗഹൃദത്തിന് മറ്റ് വിലപിടിപ്പുള്ള ഒന്നുമായി താരതമ്യം ചെയ്യാൻ കഴിയില്ല.മാതാപിതാക്കളുമായുള്ള സൗഹൃദം തന്നെയാണ് ഇതിനുദാഹരണ ◌ം.സൗഹൃദം ആർക്കും നേടിയെടുക്കാൻ സാധിക്കില്ല.കാരണം അത് മനസ്സിൽ നിന്നും ഉയർന്ന് വരുന്നതാണ് സൗഹൃദം എന്ന ഒരു ലോകത്ത് സന്തോഷവും സങ്കടവും ഒരുപോലെ നിലനിൽക്കുന്നു.അത് സൗഹൃദത്തെ കൂടുതൽ ശക്തിയുള്ളതും ഉറപ്പുള്ളതും ആക്കുന്നു.സൗഹൃദം ജാതി മത വർഗ്ഗ വർണ്ണ ഭേദങ്ങൾക്ക് അതീതമാണ്.നല്ല സൗഹൃദങ്ങളിലൂടെയാണ് നല്ല ബന്ധമുണ്ടാകുന്നത്.ഈ പ്രപഞ്ചത്തിലെ നിലനിൽപ്പുതന്നെ പരസ്പര സൗഹദത്തിലാണ് നമ്മൾ എല്ലാവരേയുംസൗഹൃദമെന്ന കൂട്ടുകുടുംബത്തിലെ അംഗമാക്കണം എനിക്ക് എന്നും മറക്കാൻ കഴിയാത്ത എന്റെ പ്രിയപ്പെട്ട സുഹൃത്തുക്കളെ സമ്മാനിച്ച് ദൈവത്തിനു നന്ദി.

NAVANEETHA K.R

VII B

BLESSY VARGHESE

I X B


## എൻ പ്രിയ പൂവേ

ഏതു ചെടിക്കും അലങ്കാരമാളവൾ
ഒന്നേയുള്ളെങ്കിലും ഐശ്വര്യം
പകരുന്ന ദേവിയാണവൾ
പാറി പറക്കുന്ന ചിത്രശലഭങ്ങൾ
തൻ ചുണ്ടുകളാൽ നിന്നെ മുത്തം വെയ്ക്കുമ്പോൾ
നീ അവറ്ക്ക് പുതു ജീവൻ നൽകുന്നു

നിന്റെ സൗന്ദര്യവും സുഗന്ധവും
ആരെയും മലക്കുന്നു
എൻ പ്രിയ പൂവെ,
ഉദയസൂര്യൻ കണികാണുന്നതും
നിന്നെയല്ലേ പൂവേ...............
ഗായികമാരായ കിളികൾ പൂവിനെ
പാടി മയക്കുന്നു
കല്ലുപോലുള്ള മനസ്സിനെ നിന്റെ
മൃതുലമായ ഇതളുകൾ പോലെയാക്കി
മാറ്റും നീ, ഇനിയും നീ
ഐശ്വര്യം, പകറ്ന്നു
കൊണ്ടേയിരിക്കുമോ പൂവേ...........

KRISHNAJA P U

IX B



ARAVIND R MENON

IX B

കഥാപാത്രങ്ങൾ

1.ജോസഫ്

2.മേരി

3.ജോസഫിന്റെ മകൻ

4.ബഷീർ

5.ജാനകിയമ്മ

6.ബഷീറിന്റെ മകൻ

7.ബഷീറിന്റെ ഭാര്യ

8.മൽസ്യത്തൊഴിലാളി

9.മാദ്ധ്യമപ്രവർത്തക

രംഗം:1

(ജോസഫിന്റെ വീട്ടിൽ സഹായം ആവശ്യപ്പെട്ട് എത്തുന്ന ജാനകിയമ്മയെ ജോസഫ് നുണ പറഞ്ഞ് വിടുന്നു)

ജോസഫ്: ചായ ആയില്ലേ മേരി?

മേരി: ദേ...കൊണ്ടുവരുന്നു

(അപ്പോൾ ജാനകിയമ്മ ജോസഫിന്റെ വീട്ടിലേക്ക് കടന്നുവരുന്നു)

ജാനകിയമ്മ:ജോസ് മോനെ,ജോസ് മോനെ

ജോസഫ്: ആരാ ഈ വന്നിരിക്കുന്നെ ജാനകിയമ്മയോ.വീട്ടിലെല്ലാവർക്കും സുഖം തന്നെയല്ലെ?

ജാനകിയമ്മ: ഓ വലിയ കഷ്ടത്തിലാണന്നെ.അതെ ജോസ് മോനെ എനിക്ക് ഒരു 500 രൂപ തരോ?കറി കിട്ടുമ്പോൾ തിരിച്ചുതരാം.

ജോസഫ്: എന്തിനാ ഇപ്പോ 500 രൂപ?

ജാനകിയമ്മ: എന്റെ മോൾക്ക് വയ്യാതെ ആശുപത്രിയിലാക്കുകയാ.അവിടെ കൊടുക്കാനും മരുന്നു മേടിക്കാനുമാ

ജോസഫ്: എന്റെ കൈയ്യിൽ ഇപ്പോ പൈസയൊന്നും എടുക്കാനില്ല.ബിസിനസൊക്കെ ഡള്ളാ

ജാനകിയമ്മ: സാരമില്ല ജോസ് മോനെ.ഞാൻ മറ്റെന്തെൻകിലും മാർഗ്ഗം കണ്ടോളാം.

(ജാനകിയമ്മ തിരിഞ്ഞു നടന്നു പോയപ്പോൾ ജോസഫ് പറയുന്നു)

ജോസഫ്: ശല്ല്യം പോയി

രംഗം:2

(സഹായത്തിനുവേണ്ടി വരുന്ന ജോസഫിന്റെ ബാല്യകാല സുഹൃത്ത് ബഷീർ.ബഷീറിന്റെ അടുത്തും നുണ പറഞ്ഞ് അവനെ പറ്റിക്കുന്നു)

ബഷീർ: ജോസഫേ,ജോസഫേ

ജോസഫ്: ആരിത് ബഷീറോ എത്ര നാളായടാ നിന്നെ കണ്ടിട്ട്. കേറിയിരിക്ക്.മേരി ദേ ആരാ വന്നേനു നോക്കിയെ

മേരി: ബഷീറോ.എത്ര നാളായി കണ്ടിട്ട്.ഇങ്ങോട്ടുള്ള വഴിയൊക്കെ മറന്നോ?

ജോസഫ്: നിന്റെ വീട്ടിലെല്ലാവർക്കും സുഖം തന്നെയല്ലേ.

ബഷീർ:സുഖം തന്നെ.പിന്നെ അത് ഞാൻ എനിക്ക് ഇത്തിരി പൈസയ്ക്ക് അത്യവശ്യമുണ്ടായിരുന്നു.കഴിഞ്ഞയാഴ്ച ഒരു അപകടം പറ്റി അതിനു ശേഷം കടലിലൊന്നും പോയിട്ടില്ല. പൈസ കിട്ടുമ്പോൾ ഞാൻ തിരിച്ചു തരാം

ജോസഫ്: അതിനെന്താ (എന്ന് പറഞ്ഞു തീരും മുമ്പേ മേരി കേറി പറയുന്നു)

മേരി: പൈസ ഒന്നും ഇല്ലല്ലേ.ഞങ്ങൾ ഒരു പുതിയ ബിസിനസ്സ് തുടങ്ങി. അതിൽ ഞങ്ങളുടെ കൈയ്യിൽ ഉണ്ടായിരുന്ന പൈസ നിക്ഷേപിച്ചു. പിന്നെ ഇത്തിരി പൈസ ജാനകിയമ്മയ്ക്കും കൊടുത്തു.

ബഷീർ: ഇല്ലങ്കിൽ വേണ്ട,ഞാൻ വേറെയെൻകിലും മാർഗ്ഗം കണ്ടെത്തികൊള്ളാം.

(ബഷീർ പോയതിന ശേഷം ജോസഫ് പറയുന്നു)

ജോസഫ്: അവന് ഇത്തിരി പണം കൊടുക്കാമായിരുന്നു.

മേരി:ഓ പിന്നെ .അവർക്കൊക്കെ പൈസ ധാനം കൊടുത്തിട്ട് എന്ത് കിട്ടാന.ഞാൻ എത്ര നാളായി പറയുന്ന എനിക്ക് ഒരു വാഷിംഗ്  മെഷീൻ മേടിച്ച തരാൻ.

ജോസഫ്: മേടിച്ച തരാം. എന്റെ മേരി

രംഗം:3

(മേരിയുടെ ആവശ്യപ്രകാരം വാഷിംഗ് മെഷീൻ മേടിച്ച വീട്ടിലെത്തി ജോസഫും കടുംബവും പ്രളയത്തെ നേരിടുന്ന അപ്പോൾ അവരെ രക്ഷിക്കാൻ ബഷീർ എത്തുന്നു )

ജോസഫ്: മേരി,മേരി.....ദാ നീ പറഞ്ഞ പോലെ നല്ല ഓട്ടോമാറ്റിക്ക് വാഷിംഗ് മെഷീൻ തന്നെ മേടിച്ചിട്ടുണ്ട്

മേരി:ഹായ്!നല്ല വാഷിംഗ് മെഷീൻ.ഇതിന് എത്ര രൂപയായി ചേട്ടാ

ജോസഫ്:25,000 രൂപ

മേരി: ശേ,ഞാൻ ഇതിലും വില കൂടിയതാ പ്രതീക്ഷിച്ചത്.

ജോസഫ്: അടുത്ത പ്രാവശ്യം ഇതിലും വില കൂടിയത് മേടിച്ച തരാം .നീ ആ ടി.വിയൊന്ന് വെച്ചേ

മാദ്ധ്യമ പ്രവർത്തക: കേരളത്തിൽ ദുരിത പേമാരി. വാർത്തകൾ വിശദമായി.കേരളത്തിൽ കനത്ത മഴ കാരണം ഇന്ന് 8 ഡാമിന്റെ ഷട്ടറുകൾ കൂടി തുറക്കും.പരമാവതി സംവരണശേഷി എത്തിയതിനെതുടർന്ന് ഇടുക്കി ഡാമിന്റെ മൂന്നാമത്തെ ഷട്ടർ കൂടി ഇന്ന് രാവിലെ തുറന്നു.ഇതോടെ ഈ വെള്ളമെല്ലാം ചെന്നെത്തുന്ന പെരിയാർ കരകവിഞ്ഞൊഴുകുകയാണ്.ആ പ്രദേശത്തുള്ളവർക്ക് ജാഗ്രത നിർദേശം നൽകിയിട്ടുണ്ട്.

ജോസഫ്: മേരി,എടി മേരി പെരിയാറ് കരകവിഞ്ഞ് ഒഴുകുകയാണെന്ന് നമ്മുക്ക് എവിടെയെങ്കിലും മാറിനിന്നാല്ലോ

മേരി:ഏയ് ഇവിടെ ഒന്നും വെള്ളം വരില്ല,വന്നാൽ തന്നെ നമ്മുടെ രണ്ടു സ്റ്റെപ്പിൽ കൂടുതൽ വെള്ളം കയറില്ല.

ജോസഫ്: അതു ശരിയാ

(കുറച്ച് സമയം കഴിഞ്ഞ് മേരി പുറത്തിറങ്ങിയപ്പോൾ )

മേരി: ചേട്ടാ, ചേട്ടാ ദേ വെള്ളം കയറിയിരിക്കുന്നു.

ജോസഫ്: എവിടെ

മേരി: ഇത്തിരി കൂടി കയറിയാൽ വീട്ടിലേക്കും വെള്ളം കയറും.

ജോസഫ്: അയ്യോ .നമ്മുടെ കാറും ,ബൈക്കും വെള്ളത്തിനടിയിലായി.

മേരി: ഇവിടുന്ന് മാറിയാലോ

ജോസഫ്: ആ നമ്മുടെ സാധനങ്ങളൊക്കെ എടുത്ത് വെയ്യ് .

മേരി: അയ്യോ!വീട്ടിലേക്ക് വെള്ളം കയറുന്നു.

ജോസഫ്: നോക്കി നിക്കാതെ സാധനങ്ങൾ എടുത്ത് വെയ്യടി.

മേരി: അയ്യോ. എന്റെ ടി.വി.

ജോസഫ്: അതൊന്നും എടുക്കാതെ നമ്മുടെ കൊച്ചിനെ എടുക്കടി.

മരി: അയ്യോ എന്റെ മോൻ നമ്മളിനി എന്തു ചെയ്യും.

ജോസഫ്: എനിക്ക് അറിയില്ല.ദൈവം നമ്മളെ രക്ഷിക്കും.

(അപ്പോൾ അതുവഴി ഒരു ചെറിയ വള്ളം കടന്നു വരുന്നു)

ജോസഫ്: ദേ ഒരു വള്ളം .ഞങ്ങളെ രക്ഷിക്കണെ.ദേ അത് ഇങ്ങോട്ട് വരുന്നുണ്ട്.നീ വേഗം വാ.

മേരി: ദേ അത് ബഷീറിന്റെ വള്ളമല്ലേ?

ജോസഫ്: ആ ശരിയാ.

ബഷീർ: വേഗം കേറ് നിങ്ങളെ പടച്ചോൻ കാരണമാ രക്ഷിക്കാൻ പറ്റിയത്.

ജോസഫ്: വേഗം വള്ളത്തിൽ കയറ്.

മേരി: അയ്യോ എനിക്ക് കയറാൻ പറ്റുന്നില്ല.
ബഷീർ: വെഷമിക്കണ്ട എന്റെ മുതുകിൽ ചവിട്ടി കയറിക്കൊ.
(ബഷീർ കുനിയുന്നു മേരി ബഷീറിന്റെ മുതുകിൽ ചവിട്ടി വള്ളത്തിൽ കയറുന്നു)
ജോസഫ്: എന്നെയും എന്റെ കുടുംബത്തേയും രക്ഷിച്ച നിന്നെ ദൈവം അനുഗ്രഹിക്കും.

രംഗം: 3
(ബഷീറും കുടുംബവും ജോസഫിന്റെ വീട്ടിലേക്കു വരുന്നു)
ബഷീർ: ജോസഫെ, ജോസഫേ
ജോസഫ്: ആരിത് ബഷീറോ വാ കയറിയിരിക്ക്.
മേരി: വാ. അകത്തേക്കിരിക്ക്.
ജോസഫ്: നീ കാരണമാണ് ഞങ്ങൾ ജീവിച്ചിരിക്കുന്നത് തന്നെ.
ബഷീർ: എല്ലാം പടച്ചോന്റെ കൃപ.
ജോസഫ്: നീ അന്ന് പണം ചോദിച്ചപ്പോൾ ഞാൻ ഒരു നുണ പറഞ്ഞു. ഇന്ന് എനിക്കാ തെറ്റുതിരുത്തണം.ഇന്നാ നിനക്ക് ആവശ്യമുള്ള പണം.
ബഷീർ: ഇനി ഞാൻ ഈ പണം വാങ്ങില്ല.
ജോസഫ്: ഇത് നീ വാങ്ങണം.
ബഷീർ: എന്നെ നിർബന്ധിക്കരുത്.
ജോസഫ്: പ്രളയത്തിൽ നിന്റെ വീടു നഷ്ട്പ്പെട്ടെന്ന് ഞാൻ അറിഞ്ഞു.നിന്റെ ആ വീട് ശരിയാകും വരെ നീയും നിന്റെ കുടുംബവും ഇവിടെ താമസിക്കണം.
ബഷീർ: അത് വേണ്ടടാ ഞങ്ങൾ കടലമ്മയുടെ മക്കളാണ്.ഞങ്ങൾ ആ തണുത്ത ഉപ്പുക്കാറ്റും,തിരയുടെ ശബ്ദവുമില്ലാതെ ഉറങ്ങാൻ കഴിയുന്നിലില്ല.
ജോസഫ്: നിനക്ക് വേണ്ടി എന്തെങ്കിലും ചെയ്യണം പറ,ഞാൻ എന്താ ചെയ്യേണ്ടത്.
ബഷീർ: നിന്റെ മുമ്പിൽ സഹായമഭ്യർത്തിച്ച് വരുന്ന വരെ നിന്നാൽ കഴിയും വിധം നീ സഹായാക്കണം എന്ന് എനിക്ക് വാക്ക് തരുമോ.
ജോസഫ്: തരും ഞാൻ തന്നിരിക്കും. ഞാൻ നിന്റെ കൈയ്യിൽ തൊട്ട് സത്യം ചെയ്യുന്നു എന്റെ മുമ്പിൽ സഹായത്തിന് എത്തുന്നവരെ എന്നാൽ കഴിയു വിധം സഹായിച്ചിരിക്കും.

# സത്യസന്ധനായ കീരി

ഒരിടത്ത് റാം എന്നുപേരായഒരു കർഷകൻ ഉണ്ടായിരുന്നു. അടുത്ത ഇടയ്ക്ക്ാണ് അയാൾ വിവാഹിതനായത്.കാലം കുറേ കടന്നു പോയിട്ട് അവർക്ക് കുട്ടികൾ ഉണ്ടായില്ല.കുട്ടികളെ ഏറെ ഇഷ്ടമായിരുന്ന ആ ദമ്പതികൾക്ക് ദുഃഖം അടക്കാനായില്ല.ഒരിക്കൽറാം തന്റെ കൃഷിയിടത്തിൽ ഒരു കീരിയെ കണ്ടെത്തി വളരെ അവശനായിരുന്ന കീരിയെ റാം വീട്ടിലേക്കുകൊണ്ടുപോന്നു.റാമ്ന്റെ വാത്സല്യ നിധിയായിരുന്ന ഭാര്യ അതിന് ഭക്ഷണമൊക്കെകൊടുത്ത് പരിപാലിച്ചു.അവൻ ആരോഗ്യവാനായി റാമിന് നല്ല കാലമായി അവന് ഒരു കുഞ്ഞു പിറന്നു.ദമ്പതികൾ സന്തുഷ്ടരായി റാം ഭാര്യയോടായി പറഞ്ഞു. നോക്കു നമ്മുടെ കീരിയാണ്.നമുക്ക് ഭാഗ്യം കൊണ്ടുവന്നത് ഇവനേയും നമ്മുക്ക് മകനായി തന്നെ വളർത്താം.മാസങ്ങൾ കടന്നു പോയി......

ഒരിക്കൽ കുഞ്ഞ് തൊട്ടിലിൽ ഉറങ്ങുമ്പോൾ ഒരു പാമ്പ് അതിനടുത്തേക്ക് ഇഴഞ്ഞുവന്നു.പാമ്പ് കുഞ്ഞിനെ കടിക്കുവാൻ ഒരുങ്ങുന്നതുകണ്ട കീരി അതിന് മേൽ ചാടി വീണ് അതിനെ കടിച്ചുകൊന്നു.ചോര ഒലിപ്പിക്കുന്ന വായുമായിതന്റെ അടുത്തേക്ക് ഓടി വരുന്ന കീരിയെ റാം കണ്ടു അയാൾ ചോരതന്റെ കുഞ്ഞിന്റേതാണെന്ന് തെറ്റിധരിച്ചു.അയാൾ ചിന്തിച്ചു.

എന്തൊക്കെയാണെങ്കിലും കീരി ഒരു മൃഗം തന്നെയാണല്ലോ കുഞ്ഞിനുവച്ചിരുന്ന പാൽ എടുക്കുവാനായി അവൻ എന്റെ കുഞ്ഞിനെ കടിച്ചതായിരിക്കും. ധൃതിയിൽ റാം കീരിയെ തല്ലികൊന്ന ശേഷം കുഞ്ഞിന്റെ അരികിലേക്കോടി.തൊട്ടിലിൽ സുഖമായി ഉറങ്ങുന്ന കുഞ്ഞിനെയാണ് അയാൾ കണ്ടത്.അയാൾക്ക് പശ്ചാതാപം തോന്നി ധൃതി പിടിച്ചെടുത്ത തീരുമാനമാണ് തന്റെ ഓമന മൃഗത്തെ തനിക്ക് നഷ്ടപ്പെടുത്തിയതെന്ന് അയാൾക്ക് മനസ്സിലായി.

ഗുണപാഠം ധൃതിയുടെ ഫലം ദുഃഖവും നഷ്ടവും.

ARAVIND M P

JOJI S J

X B

# മത്സ്യം

തിമിർത്തുപെയ്യുന്ന മഴയത്തു പുഴ
ക്രോധിതയായ് ഞാൻ കണ്ടുവല്ലോ
അന്നു ഞാൻ കണ്ടൊരു ശാന്തയാം
പുഴയിൽ നീന്തികളിച്ചിരുന്നൊരു സു-
ന്ദരിയാം മത്സ്യം
കണ്ടു ഞാൻ മറ്റൊരു കൂട്ടത്തെ
കൂട്ടുകാരുമായ് ഉല്ലസിച്ചീടു-
ന്നു ആ മീനുകൾ, ഈ മ-
ത്സ്യം മാത്രമെന്തെ ഒറ്റയ്ക്കു
നീൽപ്പു എന്നിനിക്കറിയില്ല.
സുന്ദരിയാണവൾ രത്നം പോലെ
തിളങ്ങുമാ കണ്ണുകൾ ആരേയും
വീഴ്ത്തുന്ന സൗന്ദര്യമേ.....
ഇന്നീ മഴയില്ലില്ലാ അവൾ തന്റെ ഈ
ലോകം വിട്ട് എങ്ങോ പോയിമറഞ്ഞു.
നെഞ്ചിലെന്തോഭാരം എടുത്തു-
വെയ്ക്കും പോൽ എന്റെ മനസ്സ് തകർ-
ന്നു പോയ്, സ്വപ്നത്തിൽ മാത്രം കാ-
ണ്ന്നു അവളെ ഞാൻ എ-
ന്നാൽ ഉണരുമ്പോൾ എന്നിൽ നി-
ന്നകലുന്നു.

# *CREATURES*

*All thinks bright and beautiful*
*all creatures great and small*
*ll thinks wise and wonderful*
*the lord God made them all*

*Each little flower that*
*opens each little bird that sing*
*God made their glowing colours*
*and made their ting wings*

*The purple-headed mountains*
*the river running by*
*the sunset and the morning*
*that brightens up the sky*

*By*
*ALEENA.A.B*

# *THE TRUTHFUL MONGOOSE*

Ram was a farmer who got weeded recently. The newly weeded couple were very sad that they did not have any child, for both were dearly in Love with children.

When Ram went to his friends to work, he found mongoose. It was very tired and weak. Ram brought the mongoose home. His wife, being affectionate lady fed the mongoose well and soon. The mongoose turned healthy.

Not only that, the couple also got a child. They both were very hap py and Ram said. “Look mongoose has brought us good luck. We shall be thankful and threat the mongoose has our son.

Months passed...

One day, as the child was asleep in its cradle, a snake came slithering there. As the snake was about to bite the child, the mongoose ran to its master with blood dripping from its mouth.

Ram saw the mongoose running towards him. He also saw blood dripping from its mouth. He mistook that blood to be that of his child . He thought, “After all the mongoose is just an animal.

He should have bitten my child in want of milk’’.In his haste, Ram killed the mongoose and ran to see what happened to his child .there, his child was fast asleep in the cardle. Now Ram was grief stuck. He had lost his dear pet due to his hasty decision .

Moral: Haste Leads to Grief and Makes Waste.

By

Devadathan.km

# കർഷകന്റെ തിരിച്ചറിവ്

തന്റെ ഭാര്യയ്ക്ക് വീട്ടിൽ പണികൾ ഒന്നുമില്ലെന്ന് കുറ്റപ്പെടുത്താറുള്ള ഒരു കർഷകൻ ഉണ്ടായിരുന്നു.ഇന്നൊരു ദിവസം നിങ്ങൾ വീട്ടിലെ ജോലികൾ ചെയ്യു.പാടത്തേക്ക് ഞാൻ പോകാം ഭാര്യയുടെ ആവശ്യം കർഷകൻ അംഗരിച്ചു.പശുവിനെ കറന്നും പാചകം ചെയ്തും പാത്റങ്ങൾ കഴുകിയും വീട് ത്തിയാകിയും തുണികൾ അലക്കിയുമൊക്കെ കർഷകൻ ആകെ അവശനായി. ഇനി ഒരിക്കലും മറ്റുള്ളവരുടെ പ്രവർത്തികളെ ഞാൻ വിലകുറച്ച് കാണില്ല ഭാര്യയോട് അയാൾ മാപ്പു ചോദിച്ചു

ഗുണപാഠകഥ

ABHINAV

VIII A

ARJUN DAS

VIII A

പഴഞ്ചൊല്ലുകൾ

1.അങ്ങാടിയിൽ തോറ്റതിന് അമ്മയോട്

2.അടി തെറ്റിയാൽ ആനയും വീഴും

3.അണ്ണാൻ കുഞ്ഞും തന്നാലായത്

4.അമ്മയ്ക്ക് പ്രാണവേദന മകൾക്ക് വീണവായന

5.അഴകുള്ള ചക്കയിൽ ചുളയില്ല

6.ആറിയ കഞ്ഞി പഴങ്കഞ്ഞി

7.എലിയെ പേടിച്ച് ഇല്ലം ചുടരുത്

8.എല്ലുമുറിയെ പണിയെടുതാൽ പല്ലുമുറിയെ തിന്നാം

9.പൊട്ടനെ ചെട്ടി ചതിച്ചൽ ചെട്ടിയെ ദൈവം ചതിക്കും

10.എരിതീയിൽ എണ്ണ ഒഴിക്കരുത്

11.എട്ടുത്തുചാടിയാൽ കുടിച്ച് ചാവും

12.എണ്ണയിൽ സോപ്പ പതയില്ല

13.എന്നെ തല്ലരുതമ്മാവാ ഞാൻ നന്നാവില്ല

14.എന്റെ പിച്ചിയും പൂക്കാതിരിക്കില്ല

15.ഏട്ടിലങ്ങനെ പയറ്റിലിങ്ങനെ

16.ഏങ്ങുന്ന അമ്മയ്ക്ക് അലറുന്ന അച്ഛൻ

17.ഏട്ടിൽ കണ്ടൽപോരാ കാട്ടിൽ കാണണം

18.ഏറെ കിക്കോട്ടു പോയാൽ പനിപിടിക്കും

19.മിന്നുന്നതെല്ലം പൊന്നല്ലാം

20.കാക്ക കുളിച്ചാൽ കൊക്കാകില്ല

ചരിത്ര നഗരത്തിലൂടെ

നവബർ 28-2019 ഈ ഒരു ദിവസിത്തിനു വേണ്ടിയായിരുന്നു ഞങ്ങളുടെ നീണ്ട കാത്തിരിപ്പ്.

അതെ അന്ന് ഞങ്ങൾ പത്താം ക്ലാസിലെ വിദ്യാർത്ഥികൾ പുറപ്പെട്ട ആ യാത്ര ആഹ്ലാദത്തിന്റെ ചെപ്പു തുറക്കാനുള്ള

ഒരു മാന്ത്രിക താക്കോലായിരുന്നു. കാരണം പത്തു വർഷത്തെ വിദ്യാലയ ജീവിതത്തിന്റെ അന്ത്യത്തിൽ എല്ലാവരും ഒരുമിച്ച് രണ്ട് ദിവസം പഠന ഭാരങ്ങളൊന്നുമില്ലാതെ ആഹ്ലാദിച്ചു പോകുന്നു. വ്യാഴാഴ്ച്ച വൈക്കീട്ട് 5.00 മണിക്ക് ഞങ്ങളെല്ലാവരും സ്കൂളിൽ എത്തിച്ചേരുവാൻ തീരുമാനിച്ചു.

നായരമ്പലത്തമ്മയെ പ്രാർത്ഥിച്ച് ആരംഭം കുറിച്ചപ്പോൾ

മനസ്സിന് ശാന്തത തോന്നി. രാത്രിയുടെ ഉറക്കമെന്ന സത്യത്തിന് തെല്ലിടനേരത്തേക്ക് വിരാമമിട്ടുകൊണ്ട് ഞങ്ങൾ ആട്ടവും പാട്ടുമായി ഉല്ലസിച്ചു. ക്ഷീണമെപ്പോഴോ അനുഭവപ്പെട്ടപ്പോൾ എല്ലാവരും അതതു സീറ്റിലേക്കു മടങ്ങി.

ജയശ്രീ ടീച്ചറും, നിഷ്മ ടീച്ചറും, സ്വപ്ന ടീച്ചറും, സാധിക്ക് സാറും, ഹരിസാറുമായിരുന്നു ഞങ്ങളുടെ യാത്രെയ്ക്ക് നേതൃത്വം നൽകാൻ ഞങ്ങളുടെ കൂടെ എപ്പോഴുമുണ്ടായിരുന്നത്. ഇടയ്ക്ക് യാത്രയെ കുറിച്ച് ഉറക്കമളച്ചിരുന്ന് സംസാരിക്കാനും ഞങ്ങൾ മടിച്ചില്ല. അദ്ധ്യപകരും ഞങ്ങളുടെ ഒപ്പം കൂടി.

കാഴ്ച്ചകൾ കണ്ടുണരണമെന്ന് ആഗ്രഹിച്ചെങ്കിലും വിൻഡോ സീറ്റിൽ ഇടം പിടിക്കാൻ ഇടയ്ക്കു വെച്ച് വണ്ടി കുറേനേരം ബ്ലോക്കിൽ പെട്ടു. ഏതദേശം **10:30** ഓടെ ഞങ്ങളുടെ ലക്ഷ്യസ്ഥാനമായ മൈസൂരിലെത്തി. ഞങ്ങൾക്ക് ഒരു ഡോർമെട്ടിയായിരുന്നു കിട്ടിയത്. അവിടെ നിന്ന് ഞങ്ങൾ ഫ്രഷായതിനു ശേഷം യാത്രയുടെ ആദ്യ ലക്ഷ്യസ്ഥാനമായ മൈസൂർ സൂ . വിലേക്കുള്ള യാത്ര ആരംബിച്ചു. 'KINGS'അതായിരുന്നു ഞങ്ങളുടെ സ്വന്തം വണ്ടി.

യൂണിഫോം ധരിക്കണമെന്ന നിർദ്ദേശത്തെ ആദ്യം ഉൾകൊള്ളാൻ

സാധിച്ചില്ലെങ്കിലും പിന്നീട് അതിന്റെ  അർത്ഥം മനസ്സിലാക്കാൻസാധിച്ചു .ആ യാത്ര ഭൂമിയുടെ യഥാർത്ഥ അവകാശികളെ തേടിയായിരിന്നു. കൗതുകം കൊണ്ടും തുടങ്ങിയെങ്കിലും പിന്നീട് ഈ വഴിക്കൊരു അവസാനമില്ലെ എന്ന് ചിന്തിച്ചുപ്പോയി. കേരളവുമായി താരതമ്യം ചെയ്യുമ്പോൾ ഓരോ മൃഗങ്ങൾക്കും വിശാലമായ സ്ഥലമാണ് അവിടെ കാണാൻ സാധിച്ചത്. പക്ഷെ

"ബന്ധുര കാഞ്ചനക്കൂട്ടിലാണെങ്കിലും
ബന്ധനം ബന്ധനം തന്നെ
പാരിൽ"

എന്ന വരികളാണ് എനിക്ക് ഓർക്കാൻ കഴിഞ്ഞത് വ്യത്യസ്തരമായ

ധാരാളം മൃഗങ്ങൾ.....കഥകളിലൂടെ മാത്രം കണ്ടു പരിചയപ്പെട്ട ധാരാളം

മൃഗങ്ങൾ. അവയെ കണ്ടപ്പോൾ അത്ഭുതം തോന്നി. ക്ഷീണം ഞങ്ങളെയെല്ലാവരെയും ബാധിച്ചിരുന്നു. ജിറാഫ്,

അനാക്കോണ്ട, സിംഹം,കടുവ ഇവയെല്ലാം മായാതെ മനസ്സിൽ തങ്ങി നിൽക്കുന്നു.

പിന്നീട് ഞങ്ങൾ ഹോട്ടലിലേക്ക് തിരിച്ചു പോയി ഉച്ചയൂണ്

കഴിച്ചു. അടുത്തയാത്ര മൈസൂർ കൊട്ടാരത്തില്ലേക്ക്. ഒരുപാട് പ്രതീക്ഷകളും ആഹ്ലാദതിരകളുമായിരുന്നു എന്റെ മനസ്സിൽ. അവിടെ കണ്ട കൊത്തുപണികളുടെ ഭംഗി എന്നെ ഒരുപാട് വിസ്മയിപ്പിച്ചു. അതിന്റെ ചാരുതയെ ഞങ്ങൾ ആവോളം കൺകളോട് ചേർത്തു. ഇത്രയും ഭംഗിയായി ഇതിന്റെ പണി പൂർത്തിയാക്കിയ ശിൽപ്പികളെ ഞാൻ മനസ്സുകൊണ്ട് പ്രശംസിച്ചു. അവിടെ നിന്നും ഞങ്ങളെല്ലാവരും ഒരുമിച്ച് ഫോട്ടോയെടുത്തു.

ഞങ്ങളുടെ ആദ്യത്തെ ദിവസത്തെ അവസാനത്തെ ലക്ഷ്യസ്ഥാനം ബ്രിന്ദാവൻ ഗാർഡൻ. ഏകദേശം ഇരുട്ട് വ്യാപിക്കുന്നതിനിടയിലായിരുന്നു ഞങ്ങളവിടെയെത്തിയത്. ഞങ്ങളുടെ

ഒത്തൊരുമയുടെ ഫലം കൊണ്ട് ഞങ്ങൾ ലക്ഷ്യസ്ഥാനത്തെത്തി. രാത്രിയിൽ റോഡിലൂടെ ഓടിയതും "ബി.വി.എച്ച്.എസ് കീ ജയ് "എന്ന്

വിളിച്ചതും എന്നും മറക്കാനാവാത്ത ഒരു ഓർമ്മയാണ്. ആധുനിക സാങ്കേധിക വിദ്യയുടെ സഹായത്താൽ പല നിറത്തിലും പല സങ്കീതത്തിലുള്ള water foundation -ഞങ്ങളെ ഉത്സാഹിപ്പിച്ചു. വെള്ളത്തിന്റെ നാളത്തെ ആവോളം പകർന്നെടുത്തു.

ഒടുവിൽ ഞങ്ങൾ മൈസൂർ നഗരത്തോട് യാത്ര പറഞ്ഞു.

എങ്കിലും പോരുന്നതിനു മുമ്പ് ഞാനൊന്നു തിരിഞ്ഞു നോക്കി കേരളത്തെ

തന്റെ പടയോട്ട സമയത്ത് ഒരുപാട് ഉപദ്രവിച്ചെങ്കിലും 'ടിപ്പു സുൽത്താൻ'

ആ ധീര യോദ്ധാവ് മൈസൂരിനെ ചരിത്രനഗരമായി മാറ്റിയത് കണ്ടപ്പോൾ എനിക്ക് അദ്ധേഹത്തോട് ആരാധന തോന്നി ക്രൂരതയുടെ

പഴങ്കഥതളുണ്ടെങ്കിലും കടലിന്റെ അത്രയും ആഴമുള്ള കലാബോധത്തിന് ഉടമയായിരുന്ന അദ്ധേഹം പിന്നീട് റൂമിലെത്തി ഫ്രെഷായി ഞങ്ങൾ എല്ലാവരും കിടന്നുറങ്ങി.

പിറ്റേദിവസം ഈശ്വരാരാധനയെ കൈവരിക്കാനുള്ള യാത്രയായിരുന്നു. അതിനുവേണ്ടി എല്ലാവരും

നേരത്തെതന്നെ എഴുന്നേറ്റ് തയ്യാറെടുപ്പുകൾ പൂർത്തിയാക്കി. "ചാമുണ്ടശേരി ദേവി " ആ പേരിൽ തന്നെ അടങ്ങിയിരിക്കുന്ന ദേവിയുടെ മഹാത്മ്യവും മഹാശക്തിയും. ഭാരതീയ വാസ്തു ശിൽപ്പത്തിന്റെ പ്രാധാന്യവും മനോഹാരിതയും എനിക്കവിടെ കാണാൻ സാധിച്ചു ഭക്തജനങ്ങളാൽ നിബിഡമായിരുന്ന ആ പ്രദേശം ദേവിയുടെ ചൈതന്യം അവിടുത്തെ ഓരോ വായുവിലുമുള്ളതായി എനിക്കനുഭവപ്പെട്ടു. അവിടെ കുറച്ചുനേരം പർച്ചേയ്സ് നടത്തി.

ശേഷം തിരിച്ച് റൂമിലെത്തി ആഹാരം കഴിച്ചു.'കൂർഗ് ' അവിടെക്കായിരുന്നു അടുത്തയാത്ര.'ഗോൾഡൻ ടെംബിൾ' അതായിരുന്നു ആദ്യ സ്ഥാനം. പേരിലെപ്പോലെത്തന്നെ സ്വർണ്ണത്താൽ പൊതിഞ്ഞെടുത്ത ബുദ്ധ പ്രതിമകൾ. യോദ്ധ സിനിമയിലെ 'അക്കോസേട്ട' എന്ന വിളി അവിടുത്തെ കാറ്റിൽ പാറിപറക്കുന്നതുപ്പോലെ എനിക്ക് തോന്നി. മനസ്സ് ആത്മീയതയിലേക്കു നടന്നു നീങ്ങിയതുപ്പോലെ. അടുത്തത് 'Bamboo forest' കുറേനേരം നിരയിൽ നിന്നതിനുശേഷം ഞങ്ങൾ കാടിന്റെ ആന്തരികഭംഗിയിലേക്ക് ഒരു തൂക്കുപ്പാലത്തിലൂടെ പ്രവേശിച്ചു. ജീവന്റെ സ്പന്ദനം നിലനിർത്തുന്നത് പോലെയുള്ള ധാരളം പ്രതിമകളെ അവിടെ കണ്ടു. സാധിക്ക് സാറിന്റെ ഒപ്പം ഞങ്ങൾ ഏറുമാടത്തിൽ കയറി. മാനുകളും അവിടെയുണ്ടായിരുന്നു. അപ്പോഴേക്കും അവിടെയാകെ ഇരുട്ട് പകർന്നിരുന്നു. പ്രകൃതിയുടെ മറ്റൊരു

കുസൃതി. ആ യാത്ര ചെന്നവസാനിച്ചെത് ഒരു ജലാശയത്തിലായിരുന്നു. ശേഷം ചെറിയ കവിതയൊക്കെ പാടി സാറിന്റെയൊപ്പം ഞങ്ങൾ തിരിച്ച് തൂക്കുപ്പാലത്തിന്റെ അടുത്തെത്തി. പിന്നീട് അവിടെ കുറച്ചു നേരം നിരയായി നിന്നു. അതിനു ശേഷം ഒരു 'DJ FEST'. എല്ലാവരും പാട്ടിന്റെ താളത്തിൽ അനുസരിച്ച് മതിമറന്നു നൃത്തം ചെയ്യു നിഷ്മ ടീച്ചറും ഞങ്ങളുടെ ഒപ്പം കൂടി. അതു കഴിഞ്ഞ്  തിരിച്ചു വണ്ടിയിലേക്ക്. അവിടെയും ഞങ്ങൾ നൃത്തം തുടങ്ങി. ഹരി  സാറും,ജയശ്രീ ടീച്ചറും ഞങ്ങളുടെ ഒപ്പം കുടി. ഇനി തിരിച്ച് വീട്ടിലേക്ക് മനസ്സു നിറയെ വിഷമമായിരുന്നു. രാത്രി അതികനേരം ഉറങ്ങാൻ സാധിച്ചില്ല. കാട്ടാന കൂട്ടമൊക്കെ കണ്ടു എന്നു പറയുന്നതുകേട്ടു.

ഏകദേശം 10:00 മണിയോടെ ഞങ്ങൾ തിരിച്ചെത്തി.എല്ലാവരും വളരെയധികം ഷീണിതരായിരുന്നു.എല്ലാവരുടേയും രക്ഷിതാക്കൾ എത്തിയപ്പോൾ വിഷമത്തോടെ ഞങ്ങൾ വീട്ടിലേക്ക് മടങ്ങി.

എങ്കിലും ഈ യാത്ര എനിക്കെന്തോ സമ്മാനിച്ചതു പോലെ എനിക്ക് തോന്നി

<u>ശുഭം</u>

NANDANA K.H

X C

# നന്ദി

ഡിറ്റൽ മാഗസിന്റെ നിർമ്മാണാരംഭം മുതൽ പൂർത്തീകരണം വരെ എല്ലാ പ്രവർത്തനങ്ങൾക്കും ഞങ്ങൾക്കൊപ്പം നിന്ന് വേണ്ട മാർഗ്ഗനിർദേശങ്ങൾ തന്ന ഞങ്ങളുടെ പ്രിയ അധ്യാപിക ശ്രീമതി ദീപ വി.ആർ ന് ലിറ്റിൽ കൈറ്റ്സ് ഗ്രൂപ്പിന്റെ ഹൃദയം നിറഞ്ഞ

നന്ദി അറിയിച്ചു കൊള്ളുന്നു.

എന്ന് സ്നേഹപൂർവം

കൃഷ്ണജ പി.യു

മാഗസിൻ ചീഫ് എഡിറ്റർ